**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** | **18-03-2022 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ തോട്ടപ്പള്ളി ഹാർബർ തുറന്നുപ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 1802.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 476 മീറ്റർ തെക്കേ പുലിമുട്ട്, 145 മീറ്റർ വടക്കേ പുലിമുട്ട് , വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തിയാക്കി 28/02/2011-ൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. എൻ. എഫ്. ഡി.ബി പദ്ധതിയിൽ ഉൾപ്പെടുത്തി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പഴയ ലേലഹാളിന്റേയും, റിപ്പയർ ഷെഡിന്റേയും നവീകരണം, ഹാർബർ ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ച ലേലപ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് മത്സ്യം കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം, പാർക്കിംഗ് സെന്ററിന്റേയും, ഓടയുടെയും നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്. തോട്ടപ്പള്ളി ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാനായിട്ടില്ല. പ്രശ്നപരിഹാരത്തിനായി CWPRS എന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനം മുഖേന പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ട് പ്രകാരം തെക്കേ പുലിമുട്ട് 420 മീററർ നീളം വർദ്ധിപ്പിക്കുന്നതിനും വടക്കേ പുലിമുട്ടിൽ നിന്നും 300 മീറ്റർ വടക്കോട്ടു മാറി 436 മീറ്റർ നീളത്തിൽ പുതിയ പുലിമുട്ട് നിർമ്മിക്കുന്നതിനും ശിപാർശ ചെയ്യുകയുണ്ടായി. രണ്ടാം ഘട്ട വികസനത്തിന്റെ ആദ്യഘട്ടമായി തെക്കേ പുലിമുട്ടിന്റെ നീളം 250 മീറ്റർ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 13.38 കോടി രൂപയുടെ പദ്ധതി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകി നിർമ്മാണം പുരോഗമിക്കുന്നു. ബേസിനിൽ അടിഞ്ഞു കൂടിയ മണ്ണ് ഹാർബറിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന സാഹചര്യത്തിൽ ഡ്രെഡ്ജ് ചെയ്ത് നീക്കി മിനറൽസ് വേർതിരിച്ചെടുക്കുന്നതിന് IREL-ന് അനുമതി നൽകിയിട്ടുണ്ട്. മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കുന്നതിനാൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. |
| (ബി) | ഹാർബറിന്റെ അടുത്ത ഘട്ട വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | CWPRS-ന്റെ പഠന റിപ്പോർട്ട് പ്രകാരം രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തെക്കേ പുലിമുട്ട് 170 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനും, 436 മീറ്റർ നീളത്തിൽ വടക്കേ പുലിമുട്ട് നിർമ്മിക്കുന്നതിനും, വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ട രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കുള്ള 94.00 കോടി രൂപയുടെ പദ്ധതി രൂപരേഖ NABARD FIDFസ്കീമിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകാരത്തിനായി സമർപ്പിച്ചിരു ന്നുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ഇതേ പ്രൊപ്പോസൽ NABARD RIDF, PMMSY എന്നീ സ്കീമുകളിലും അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. തോട്ടപ്പള്ളി ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി തയ്യാറാക്കിയ പദ്ധതി രൂപരേഖ DSR 2018 പ്രകാരം 10520.00 ലക്ഷം രൂപയ്ക്ക് പുതുക്കി FIDF, PMMSY തുടങ്ങിയ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നത്; വെളിപ്പെടുത്താമോ? | (സി) | CWPRS-ന്റെ പഠന റിപ്പോർട്ട് പ്രകാരം രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തെക്കേ പുലിമുട്ട് 170 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനും, 436 മീറ്റർ നീളത്തിൽ വടക്കേ പുലിമുട്ട് നിർമ്മിക്കുന്നതിനും, വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ട രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കുള്ള 94.00 കോടി രൂപയുടെ പദ്ധതി രൂപരേഖ NABARD FIDFസ്കീമിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകാരത്തിനായി സമർപ്പിച്ചിരു ന്നുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ഇതേ പ്രൊപ്പോസൽ NABARD RIDF, PMMSY എന്നീ സ്കീമുകളിലും അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. തോട്ടപ്പള്ളി ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി തയ്യാറാക്കിയ പദ്ധതി രൂപരേഖ DSR 2018 പ്രകാരം 10520.00 ലക്ഷം രൂപയ്ക്ക് പുതുക്കി FIDF, PMMSY തുടങ്ങിയ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ